നദീസംയോജന ടാസ്ക് ഫോഴ്സിന്റെ ചെയർമാനായ ശ്രീ. സുരേഷ്പ്രഭു ഇക്കാര്യത്തിൽ കേരളത്തിന്റെ അഭിപ്രായം ആരായുകയുണ്ടായി. 29-3-2003-ൽ മുഖ്യമന്ത്രി അയച്ച മറുപടി കത്തിൽ സംസ്ഥാനത്തിന് ഇക്കാര്യത്തിലുള്ള ശക്തമായ വിയോജിപ്പ് അറിയിച്ചിട്ടുണ്ട്. തുടർന്ന് ദേശീയ ജലവികസന ഏജൻസിയും കേരള സർക്കാരും സംയുക്തമായി ജല ലഭ്യതയെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

മിനി ഹൈഡ്രോ പ്രോജക്ടുകൾ

99 [5357] ശ്രീ. കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനി ഹൈഡ്രോ പ്രോജക്ടുകളായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള പ്രോജക്ടുകൾ ഏതെല്ലാം;

(ബി) ഈ പ്രോജക്ടുകൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയങ്ങളുടെ അനുമതി ലഭിക്കാൻ തടസ്സമുണ്ടോ;

(സി) ഏതെല്ലാം മിനി ഹൈഡ്രൽ പദ്ധതികളാണ് ഉടനെ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പണി നടന്നുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ

100 [5358] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പണിനടക്കുന്ന ജലസേചന പദ്ധതികളുടെ അടങ്കൽ തുക ഇപ്പോൾ എത്രയാണെന്നും നാളിതുവരെ എന്തു തുകയുടെ പണി ചെയ്തു എന്നും, എന്തു തുക കരാറുകാർക്ക് നൽകിയെന്നും ഓരോ പദ്ധതിയും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും നിശ്ചിത കാലയളവിനുള്ളിൽ പണി തീർക്കാൻ എന്തുനടപടി സ്വീകരിക്കും എന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏതൊക്കെ പദ്ധതിയുടെ തുക വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

	പദ്ധതിയുടെ പേര്	ഇപ്പോഴത്തെ അടങ്കൽ തുക (ലക്ഷം)	നാളിതുവരെ ചെലവഴിച്ച തുക (ലക്ഷം)	കരാറുകാർക്ക് നൽകിയ തുക (ലക്ഷം)
1.	കാരാപ്പുഴ	25300	19003.13	16985
2.	പഴശ്ശി	16300	15620.19	13285
3.	ബാണാസുരസാഗർ	3788	988.16	681
4.	കാഞ്ഞിരപ്പുഴ	12000	11177.79	7848
5.	കുരിയാർകുട്ടി-കാരപ്പാറ	19700	1330.48	688.156
6.	ആർ. സി. ബി.-തൃത്താല	2660	1829.26	1540
7.	ആർ. സി. ബി.-ചമ്രവട്ടം	12000	376.68	118
8.	ഇടമലയാർ	32500	13531	13227
9.	മൂവാറ്റുപുഴ	46500	41972	36396
10.	കല്ലട	71400	66000	47450

(ബി) സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പദ്ധതിയുടേയും തുക വർദ്ധിപ്പിച്ചിട്ടില്ല.

കമ്മീഷൻ ചെയ്യാത്ത ജലസേചന പദ്ധതികൾ

101 [5359] ശ്രീ. കളത്തിൽ അബ്ദുള്ള:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കമ്മീഷൻ ചെയ്യാത്ത ജലസേചന പദ്ധതികൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly